"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികവർഗ്ഗ വികസനവകുപ്പ് - ജീവനക്കാര്യം - പ്രൊജക്ട് ഓഫീസർ, ശ്രീ. വിനോദ് കുമാർ. സി.-ക്ക് എതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.236/2024/SCSTD തീയതി,തിരുവനന്തപുരം, 22-03-2024

---

പരാമർശം:-

1. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ 22.08.2022ലെ E/E1/1873/2022/STDD(1) നമ്പർ കത്ത്.
2. സ.ഉ.(സാധാ) 1010/2022/പ.ജ.പ.വ.വി.വ, തീയതി. 04.10.2022.
3. 13.01.2022ലെ ഡി-3/163/2022/പജപവവിവ നമ്പർ കുറ്റപത്രം /കുറ്റാരോപണ പത്രിക.
4. പ്രോജക്ട് ഓഫീസർ ശ്രീ.വിനോദ് കുമാർ.സി. സമർപ്പിച്ച 21.02.2023ലെ പ്രതിവാദപത്രിക.
5. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ 12.07.2023ലെ E2/1743/2023/STDD(3) നമ്പർ കത്ത്.
6. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ 14.03.2024ലെ E2/1743/2023/STDD(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കാഞ്ഞിരപ്പള്ളി പ്രൊജക്ട് ഓഫീസർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. വിനോദ് കുമാർ സി., ജീവനക്കാരോടും ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന ഗുണഭോക്താക്കളോടും മോശമായി പെരുമാറുന്നതായും, വകുപ്പിന്റെ ക്ഷേമപ്രവർത്തനങ്ങൾ ശരിയായ രീതിയിൽ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനോ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനോ ആവശ്യമായ യാതൊരു നടപടികളും എടുക്കുന്നില്ല എന്നും, പ്രൊജക്റ്റ് ഓഫീസർ എന്ന നിലയിലുള്ള ശ്രീ.വിനോദ് കുമാർ സി.-യുടെ നിരുത്തരവാദിത്തപരമായ പ്രവർത്തി പട്ടികവർഗ്ഗ വികസനക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതും വകുപ്പിന്റെ സൽപ്പേരിനു കളങ്കം വരുത്തുന്നതുമാണെന്നും, ആയതിനാൽ കാഞ്ഞിരപ്പള്ളി ഐ.റ്റി.ഡി പ്രൊജക്റ്റ് ഓഫീസർ ശ്രീ. വിനോദ് കുമാറിനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനോ ടിയാനെ സ്ഥലം മാറ്റി നിയമിക്കുന്നതിനോ വേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്ന് പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിനോദ് കുമാറിനെ പരാമർശം (2) പ്രകാരം

സസ്പെന്റ് ചെയ്യുകയും തുടർന്ന് പരാമർശം (3) പ്രകാരം ടിയാന് കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും, ആയതിന് പരാമർശം (4) പ്രകാരം ടി ഉദ്യോഗസ്ഥൻ പ്രതിവാദപത്രിക സമർ പ്പിക്കുകയുമുണ്ടായി. ഓഫീസിലെ ജീവനക്കാരോടും ഓഫീസിൽ എത്തുന്ന ഗുണഭോക്താക്കളോടും മോശമായി പെരുമാറി എന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണെന്നും, ഗുണഭോക്താക്കളോടും ജീവനക്കാരോടും സഹോദരതുല്യ സമീപനം വച്ച് പുലർത്തിക്കൊണ്ട് നല്ലനിലയിലാണ് മുന്നോട്ട് പോയിട്ടുള്ളതെന്നും, വകുപ്പിന്റെ സൽപ്പേരിനു കളങ്കം വരുത്തുന്ന യാതൊരു പ്രവൃത്തികളും ചെയ്തിട്ടില്ല എന്നും നിരപരാധിയായ തന്നെ ആരോപണ വിമുക്തനാക്കി സങ്കടനിവൃത്തി വരുത്തി നൽകണമെന്നും ടി ഉദ്യോഗസ്ഥൻ പ്രതിവാദ പത്രികയിൽ അപേക്ഷിച്ചിരുന്നു.

3. ഈ വിഷയത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പരാമർശം (5) പ്രകാരമുള്ള റിപ്പോർട്ടിൽ, കാഞ്ഞിരപ്പള്ളി പ്രൊജക്ട് ഓഫീസർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.വിനോദ് കുമാറിന്റെ ഭാഗത്തു നിന്നും വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിലും ടിയാന്റെ പ്രവർത്തനം പൂർണ്ണ പരാജയമായിരുന്നുവെന്ന് കണക്കാക്കുന്നില്ലായെന്നും ആയതിനാൽ ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാവുന്നതാണെന്നും ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വിനോദ് കുമാർ സി.യുടെ, സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ തുടർന്നുള്ള പ്രവർത്തനങ്ങൾ പട്ടികവർഗ്ഗക്കാർക്കിടയിൽ അവമതിപ്പുണ്ടാക്കാത്ത വിധത്തിൽ ആയിരിക്കണമെന്നും, തന്നിൽ അർപ്പിതമായ കർത്തവ്യങ്ങളിൽ വീഴ്ച വരുത്തരുതെന്ന് കർശന താക്കീത് നൽകിക്കൊണ്ടും ടിയാനെതിരായ അച്ചടക്കനടപടി തീർപ്പാക്കി സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ടും, കണ്ണൂർ ഐ.റ്റി.ഡി.പ്രോജക്ട് ഓഫീസിൽ പ്രോജക്ട് ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.വിനോദ് കുമാർ.സി, വെള്ളച്ചിറവയലുങ്കൽ, കടയനിക്കാട്.പി.ഒ (പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Biji.c.n
Date: 23-03-2024 15:31:21

സെക്ഷൻ ഓഫീസർ